(ബി) ഗ്രാമപഞ്ചായത്തുകളിലെ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയി ലൂടെയാണ് ഭവനശ്രീ പദ്ധതി നടപ്പാക്കുന്നത്.

(സി) ഭവനശ്രീ പദ്ധതി പ്രകാരം നടപ്പുവർഷം 50,000 വീടുകൾ നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

(ഡി) ഭവനശ്രീ പദ്ധതി നടപ്പാക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കാനായി കുടുംബശ്രീ തയ്യാറാക്കിയ പദ്ധതിരേഖ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ 21-3-2003-ലെ യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതേ തുടർന്ന് 10 ബാങ്കുകൾ ഭവനശ്രീ പദ്ധതി നടപ്പാക്കുന്നതിന് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്.

രോഗബാധിതരായവർക്ക് വിദഗ്ദ്ധ ചികിൽസ നൽകുന്നതിനുള്ള നടപടി

70 [159] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ തളിച്ചതുമൂലം എത്ര പേർക്ക് വിവിധ രോഗങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഓരോ രോഗവും ബാധിച്ചവർ എത്ര വീതമാണ് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത രോഗങ്ങൾ ഏതെല്ലാം പഞ്ചായത്തുകളിലെ ജനങ്ങളെ ബാധിച്ചിട്ടുണ്ട്;

(ഡി) ഇവർക്ക് വിദഗ്ദ്ധ ചികിത്സ നൽകാനും രോഗികളെ പുനരധിവസി പ്പിക്കാനും ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ തളിച്ചതുമൂലമുണ്ടായതായിപ്പറയുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് ആരോഗ്യ വകുപ്പ് വിശദമായ പഠനങ്ങളും ആരോഗ്യ സർവേയും നടത്തിയിട്ടുണ്ട്. 80,275 ആളുകളെ എൻഡോസൾഫാൻ തളിച്ച പ്രദേശത്തുനിന്നും, 80,281 പേരെ എൻഡോസൾഫാൻ തളിക്കാത്ത സമീപ പ്രദേശത്തുനിന്നും പഠനത്തിന് വിധേയമാക്കിയ്തിൽ നിന്നും എൻഡോസൾഫാൻ തളിച്ച പ്രദേശത്തെ 515 ആളുകൾക്കും, എൻഡോസൾഫാൻ തളിക്കാത്ത സമീപ പ്രദേശത്തെ 420 പേർക്കും വിവിധ രോഗങ്ങൾ ഉള്ളതായി കണ്ടെത്തി.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

രോഗത്തിന്റെ പേര്	എൻഡോസൾഫാൻ തളിച്ച പ്രദേശം	എൻഡോസൾഫാൻ തളിക്കാത്ത പ്രദേശം
ജനിതക വൈകല്യം	95	70
ബുദ്ധിമാന്ദ്യം	97	83
ക്യാൻസർ	58	34
വന്ധ്യത	104	75
ആവർത്തിച്ചുള്ള ഗർഭം അലസൽ	22	2
വളർച്ച മുരടിക്കൽ	25	11
അംഗവൈകല്യം	67	84
എപ്പിലപ്സി	37	37
മാനസികരോഗം	46	33
മറ്റുള്ളവ	54	0

(സി) എൻമകജെ, കാറുഡുക്ക, മുളിയാർ, പുള്ളൂർ, പെരിയ, അജാനോ, കയ്യൂർ, പനത്തടി, കയ്യൂർ, ചീമേനി എന്നിവിടങ്ങളിലെ പഞ്ചായത്തുകളിലാണ് ഈ രോഗങ്ങൾ ബാധിച്ചിട്ടുള്ളത്.

(ഡി) പ്ലാന്റേഷൻ പ്രദേശത്ത് ദുരിതമനുഭവിക്കുന്നവരുടെ ചികിത്സയും പുനരധിവാസവും ലക്ഷ്യമാക്കി കാസർഗോഡ് ജില്ലാ പഞ്ചായത്ത്, കേരള വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പ്രോജക്ടിന് രൂപം നൽകിയിട്ടുണ്ട്. ഈ പ്രോജക്ടിന്റെ ഭാഗമായി 5 സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നടത്തി വികലാംഗക്ഷേമ കോർപ്പറേഷന്റെ സഹായത്തോടെ ഒരു പുനരധിവാസകേന്ദ്രം അനുവദിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനായി ആ പ്രദേശത്തുള്ള ജനങ്ങൾക്ക് വേണ്ടി മാത്രം ഒരു പ്രത്യേക മെഡിക്കൽ ബോർഡ് സിറ്റിംഗ് നടത്തിയിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ ആരോഗ്യ വകുപ്പ് നിരീക്ഷണങ്ങൾക്ക് വിധേയമാക്കുകയും ആവശ്യമായവർക്ക് മരുന്ന് നൽകിവരുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly